**കേരള സർക്കാർ**

സംഗ്രഹം

സർക്കാർ സർവീസ് -ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ-
അസിസ്റ്റന്റ് തസ്തികകളുടെ യോഗ്യതകൾ
പുനർനിർണ്ണയം ചെയ്തുകൊണ്ട് ഉത്തരവ്
പുറപ്പെടുവിക്കുന്നു.

==========================================================================

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഉപദേശ-സി) വകുപ്പ്

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 30/92.

തിരുവനന്തപുരം 1992 ആഗസ്റ്റ് 5.

==========================================================================

<u>പരാമർശം.</u>-1. 25-1-1985-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 45/85/ജി.ഐ.ഡി.

2. പി.എസ്.സി.-യുടെ 23-6-1992-ലെ എ5(1) 11936/85/ ഗ.വി.നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിന്റെ ഭാഗമായി, ഭാവിയിൽ ഇംഗ്ലീഷ്, മലയാളം എന്നീ വിഭാഗങ്ങളിൽ വെവ്വേറെ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് പകരം പൊതുവായി ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നു മാത്രമായി പുതിയ തസ്തിക സൃഷ്ടിക്കേണ്ടതാണെന്ന്, പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ടൈപ്പിസ്റ്റ്, സി. എ. തസ്തികകളുടെ ഇന്നു നിലവിലുള്ള യോഗ്യതകൾ പുനർനിർണ്ണയം ചെയ്യേണ്ടതുണ്ട്. പബ്ലിക്സർവീസ് കമ്മീഷനുമായി ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ടൈപ്പിസ്റ്റ്, സി.എ. തസ്തികകൾക്ക് താഴെ പറയുന്ന പുതുക്കിയ വിദ്യാഭ്യാസ യോഗ്യതകൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു. ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ ഇതോടെ കാലഹരണപ്പെടുന്നതാണ്.

| | |
|---|---|
| 1. ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്-ക | (1) എസ്. എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യയോഗ്യത<br><br>(2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി..റ്റി.ഇ.) |

(3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്
(കെ.ജി..റ്റി.ഇ.. എം.ജി.റ്റി.ഇ. അല്ലെങ്കിൽ തത്തുല്യയോഗ്യത)

2. ടൈപ്പിസ്റ്റ് ഗ്രേഡി-കക
(സെക്രട്ടേറിയറ്റ്,
പി.എസ്.സി. മുതലായ
ആഫീസുകൾ)

(1) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യയോഗ്യത

(2) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റ്
(കെ.ജി..റ്റി.ഇ.. എം.ജി.റ്റി.ഇ.

അല്ലെങ്കിൽ തത്തുല്യയോഗ്യത)

(3) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്
(കെ.ജി.റ്റി.ഇ. അല്ലെങ്കിൽ തത്തുല്യയോഗ്യത)

3. കോൺഫിഡൻഷ്യൽ
അസിസ്റ്റന്റ് ഗ്രേഡ്-കക
(എല്ലാ വകുപ്പുകൾഡക്കും)

(1) എസ്.എസ്.എൽ.സി.
അല്ലെങ്കിൽ തത്തുല്യയോഗ്യത

(2) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്,
(കെ.ജി.റ്റി.ഇ., എം.ജി.റ്റി.ഇ.
അല്ലെങ്കിൽ തത്തുല്യയോഗ്യത)

(3) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്
(കെ.ജി.റ്റി.ഇ. അല്ലെങ്കിൽ തത്തുല്യയോഗ്യത)

(4) ഇംഗ്ലീഷ് ചുരുക്കെഴുത്തിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ്
(കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ

അല്ലെങ്കിൽ തത്തുല്യയോഗ്യത)
(5) മലയാളം ചുരുക്കെഴുത്തിൽ ലോവർ
ഗ്രേഡ് സർട്ടിഫിക്കറ്റ്
(കെ.ജി.റ്റി.ഇ. അല്ലെങ്കിൽ
തത്തുല്യയോഗ്യത)

ഈ ഉത്തരവിന് അനുസൃതമായ നിയമഭേദഗതികൾ ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ തുടർന്നു വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവുപ്രകാരം,
എം.സി.കെ. ഗോപാലൻ,

അഡീഷണൽ സെക്രട്ടറി

എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് തലവൻമാർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാവകുപ്പുകൾക്കും.
സെക്രട്ടറി, പി.എസ്.സി. (ആമുഖകത്തു സഹിതം)
രജിസ്ട്രാർ ഹൈക്കോടതി, എറണകുളം (ആമുഖകത്തു സഹിതം)
രജിസ്ട്രാർ, കേരള/കോഴിക്കോട്/കൊച്ചി/ഗാന്ധിജി സർവകലാശാല.
രജിസ്ട്രാർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി
അക്കൗണ്ടന്റ് ജനറൽ കേരള.
പൊതുഭരണ (സർവീസ്-ഇ) വകുപ്പിന്,
(കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂളുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി)

-----------